# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *86 — 7.2.2013-ലെ മറുപടിക്ക്

## ഹോട്ടലുകളിലെ ഭക്ഷ്യവിഷബാധ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. സാജു പോൾ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഹോട്ടൽ ഭക്ഷണത്തിൽ നിന്ന് ഭക്ഷ്യവിഷബാധയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടൽ ഭക്ഷണത്തിൽ നിന്ന് ഭക്ഷ്യവിഷബാധയേൽക്കുന്നത് ഉൾപ്പെടെയുള്ള പരാതി അറിയിക്കുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണറേറ്റിൽ ടോൾഫ്രീ നമ്പർ 1800 425 1125 പ്രവർത്തിക്കുന്നുണ്ട്. ആയതു വഴി പൊതു ജനങ്ങൾക്ക് ഇത്തരത്തിലുള്ള പരാതി അധികാരികളെ അറിയിക്കുവാനും നിവാരണ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാനും കഴിയുന്നുണ്ട്. |
| ബി) ഭക്ഷ്യവിഷബാധയെത്തുടർന്ന് പൂട്ടിയ വൻകിട/ചെറുകിട ഹോട്ടലുകളും ബേക്കറികളും അതിനടുത്ത ദിവസം തന്നെ തുറന്ന് പ്രവർത്തിക്കാനിടയാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; മൾട്ടിഡിസിപ്ലിനറി കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷമാണോ ഇവ തുറന്നു പ്രവർത്തിക്കുന്നത്; | ബി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുരുതരമായ വീഴ്ച കണ്ടെത്തി പ്രവർത്തനാനുമതി നിഷേധിച്ച ഹോട്ടലുകളും ബേക്കറികളും ജില്ലാ കളക്ടറുടെ പ്രതിനിധി, ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രതിനിധി, ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർ അടങ്ങുന്ന മൾട്ടിഡിസിപ്ലിനറി കമ്മിറ്റി പരിശോധിച്ച് തൃപ്തികരമാണ് എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുറന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകിയിട്ടുള്ളൂ. എന്നാൽ ചില മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ഹെൽത്ത് ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനയെ തുടർന്ന് അടപ്പിച്ച ചില സ്ഥാപനങ്ങൾ അതിനടുത്ത ദിവസം തന്നെ പ്രവർത്തിയ്ക്കുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ശക്തവും മാതൃകാപരവുമായ തുടർ നടപടികളില്ലാത്തതിനാലാണ് ഒരേ സ്ഥാപനത്തിൽ കുറ്റം ആവർത്തിക്കുന്നതിനും രാഷ്ട്രപതി, സംസ്ഥാന മന്ത്രിമാർ തുടങ്ങിയ വി.വി.ഐ.പികൾക്ക് പഴയ ഭക്ഷണം നൽകാനിടയായതെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) മായം ചേർക്കൽ നിരോധന നിയമം 1954 -ന് പകരമായി രാജ്യമൊട്ടാകെ 2011 ആഗസ്റ്റ് 5 മുതൽ നിലവിൽ വന്ന ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമാണ് ഇപ്പോൾ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിനായി നിലവിലുള്ളത്. ഈ നിയമപ്രകാരം സംസ്ഥാനത്ത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ 14 ജില്ലാ ഫുഡ് സേഫ്റ്റി ഡെസിഗ്നേറ്റഡ് ഓഫീസർമാരും അവർക്കു കീഴിൽ സർക്കിൾ/ കോർപ്പറേഷൻ /മുനിസിപ്പാലിറ്റി തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 3 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നേതൃത്വത്തിൽ മൊബൈൽ വിജിലൻസ് സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. |

**ഫുഡ് സേഫ്റ്റി ഓഫീസർമാർ എടുക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും ഫുഡ് അനലിസ്റ്റ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.**

ഈ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ നടത്തിയ പരിശോധനയിൽ ശുചിത്വമില്ലാതെ പ്രവർത്തിച്ചതും മറ്റു നിയമലംഘനങ്ങൾ നടത്തിയതുമായ 696 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും 18,48,000/-രൂപ കോമ്പൗണ്ട് ചെയ്യുകയും ഗുരുതരമായ നിയമ ലംഘനം ശ്രദ്ധിക്കപ്പെട്ട 73 സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തനം നിഷേധിച്ച ഹോട്ടലുകളിൽ ഡെപ്യൂട്ടി കളക്ടർ, ഡി.എം.ഓയുടെ പ്രതിനിധി, ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി കമ്മിറ്റി പരിശോധന നടത്തിയ ശേഷം മാത്രമേ തുറന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകിയിട്ടുള്ളൂ. രണ്ടാം ഘട്ടത്തിൽ നടത്തിയ പരിശോധനയിൽ 2198 സ്ഥാപനങ്ങൾ പരിശോധിക്കുകയും ആയതിൽ 1289 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തു.

രാഷ്ട്രപതി ഉൾപ്പെടെയുള്ള വി.വി.ഐ.പികൾ സംസ്ഥാനം സന്ദർശിക്കുന്ന വേളയിൽ ജില്ലാ ഫുഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് ഭക്ഷ്യ വസ്തുക്കൾ തയ്യാറാക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കളും കർശനമായി പരിശോധിക്കുന്നതും ഗുണനിലവാരമില്ലാത്തതോ മായം ചേർത്തതോ പഴകിയതായോ കണ്ടെത്തുന്ന യാതൊരു വസ്തുക്കളും വിശിഷ്ട വ്യക്തികൾക്ക് നൽകുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ ഉൾപ്പെടുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നുമുണ്ട്. ഈ സംവിധാന പ്രകാരം ബഹു: രാഷ്ട്രപതിക്ക് ഭക്ഷണം തയ്യാറാക്കുന്നതിനായി കൊണ്ടുവന്ന ഭക്ഷ്യ വസ്തുക്കളുടെയും സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ ഗുണനിലവാരമില്ലായെന്ന് കണ്ടെത്തിയ വസ്തു ക്കൾ ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ